**E 1862** (Pages : 2) Reg. No.................................

Name.....................................

## B.A. DEGREE (C.B.C.S.S.) EXAMINATION, APRIL 2021

### Sixth Semester

B.A. Malayalam (Model I and Model II)

Core Course—പ്രാചീന മലയാളം—പദ്യവും ഗദ്യവും

(2013–2016 Admissions)

Time : Three Hours Maximum Marks : 80

### എ വിഭാഗം

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. പാട്ടു സാഹിത്യത്തിലെ ആദ്യ കൃതി ഏത് ?
2. മണിപ്രവാളം എന്ന കൃതിയുടെ കർത്താവ്.
3. മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യം ഏത് ?
4. ഉള്ളൂർ രചിച്ച ചമ്പുവിന്റെ പേരെഴുതുക.
5. ലീലാതിലകത്തിന്റെ കാലം എഴുതുക.
6. രാമായണത്തിലെ ഏത് കാണ്ഡത്തെ അടിസ്ഥാനമാക്കിയാണ് രാമചരിതം രചിച്ചിട്ടുള്ളത് ?
7. അനന്തപുര വർണ്ണം ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ് ?
8. ഭാഷാ ഭഗവത്ഗീത എന്ന കാവ്യം രചിച്ചതാര് ?
9. ഭാഷാചമ്പുക്കൾ ആരുടെ കൃതിയാണ് ?
10. ലീലാതിലകം സമ്പൂർണ്ണമായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആരാണ് ?

(10 × 1 = 10)

### ബി വിഭാഗം

ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക.

11. "അരുവയർ മണിയെക്കണ്ടേ
    നകലവേയിരുന്തവാറും"
    —ആശയം വിശദമാക്കുക.
12. 'പദ്യാത്മകമായ സഞ്ചാര സാഹിത്യമാണ് സന്ദേശ കാവ്യങ്ങൾ '—ഈ അഭിപ്രായത്തിന്റെ സാധുതയെന്ത് ?
13. "തമിഴ് സംസ്കൃതമെന്റുള്ള
    സുമനസ്സുകൾ കൊണ്ടൊരു
    ഇണ്ടമാല തൊടുക്കിന്റേൻ"
    —ഈ പ്രസ്താവനയുടെ അർത്ഥമെന്ത് ?

Turn over

14. "വന്ദിച്ചേൻ ഗണനായകനാകിയ
വാനോർകോനൊടു വാണിയെ മനസാ"
—ആശയം വിശദമാക്കുക.

15. പ്രാദേശിക ചരിത്ര വിജ്ഞാനീയം എന്ന നിലയിൽ തിരുനിഴൽമാലയെ പഠനവിധേയമാക്കുവാൻ കഴിയുമോ ?

16. ശാസനഭാഷയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

17. നമ്പ്യാന്തമിഴിന്റെ ലക്ഷണങ്ങൾ വിവരിക്കുക.

18. അധമ മണിപ്രവാളത്തിന്റെ പ്രത്യേകതകൾ എഴുതുക.

19. "ഗദ്യപദ്യമയം കാവ്യം
ചമ്പുരിത്യ ഭിധീയതേ"
—വിശദീകരിക്കുക.

20. പാട്ടു പ്രസ്ഥാനത്തിന്റെ ലക്ഷണമെഴുതുക.

(8 × 2 = 16)

## സി വിഭാഗം

ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഓരോ പുറത്തിൽ ഉത്തരമെഴുതുക.

21. പ്രാചീന ഗദ്യത്തിന്റെ സവിശേഷതകൾ ദൂതവാക്യം എന്ന കൃതിയെ ആസ്പദമാക്കി വിവരിക്കുക.

22. നിരണം കവികൾ മലയാള ഭാഷാ പുരോഗതിയെ സ്വാധീനിച്ചിട്ടുണ്ടോ ? അഭിപ്രായം എഴുതുക.

23. ദേവീ മഹാത്മ്യം എന്ന കൃതിയെ പരിചയപ്പെടുത്തുക.

24. ഉണ്ണിച്ചിരുതേവി ചരിതത്തിലെ അലങ്കാര കല്പനകൾ വിശദീകരിക്കുക.

25. രാമചരിതത്തിലെ ഭാഷാപരമായ സവിശേഷതകൾ പഠനവിധേയമാക്കുക.

26. കാച്ചിക്കുറുക്കിയ രാമായണമെന്ന് കണ്ണശ്ശരാമായണത്തെ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടാണ് ?

27. മഹിളാളി മഹാസ്പദമാണ് മണിപ്രവാള കാവ്യങ്ങളെന്ന് പറയുന്നത് എന്തുകൊണ്ട് ?

28. വാഴപ്പള്ളി ശാസനം—ഒരു കുറിപ്പെഴുതുക.

(6 × 4 = 24)

## ഡി വിഭാഗം

ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് നാലു പുറത്തിൽ ഉത്തരമെഴുതുക.

29. മലയാളത്തിലെ പ്രധാനപ്പെട്ട സന്ദേശ കാവ്യങ്ങളെ പരിചയപ്പെടുത്തുക.

30. മണിപ്രവാള പ്രസ്ഥാനത്തിന്റെ ഭാഷാപരമായ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

31. മലയാളത്തിലെ പ്രാചീന കാവ്യങ്ങൾ—ഉപന്യാസം തയ്യാറാക്കുക.

(2 × 15 = 30)